**ചെറുകഥാകൃത്ത് എന്ന നിലയിൽ ജോസഫ് മുണ്ടശ്ശേരി–എം.ആർ. ചന്ദ്രശേഖരൻ**


# ഉള്ളെഴുത്ത്

ISSN 2455-1147

9 772455 114007

ജൂലൈ 2017 വില ₹ 20

## റോസാ ലക്സംബർഗ്: വിപ്ലവത്തിന്റെ വിശ്വതേജസ്സ്



## ഒറ്റുകാരനും രക്തസാക്ഷിയും: ചരിത്രത്തിന്റെ കടുംചായങ്ങൾ

# AMOS OZ

വിഖ്യാത ഇസ്രായേലി നോവലിസ്റ്റ് ആമോസ് ഓസ് എഴുതിയ
2017 - ലെ മാൻ ബുക്കർ ഇന്റർനാഷണൽ ഫൈനൽ ലിസ്റ്റിൽ
ഇടംനേടിയ 'യൂദാസ്' എന്ന നോവലിന്റെ വായന.

# ശ്മശാനം

ശിവദാസൻ എ.കെ



**ചു**മരും ചാരിയിരുന്ന മുത്തുവിനെ കണ്ണൻ ശ്രദ്ധിക്കുകയായിരുന്നു.

ഒരു ചിത എരിയുന്നുണ്ട്. പുറമേ കാണുന്നില്ല എന്നേയുള്ളൂ. ആ ചൂട് തനിക്ക് ശരിക്കും അറിയാം.

മൂത്തു തുടങ്ങിയ വെയിലിനോട് കലഹിക്കാതെ താഴെ തന്നെ നിൽപ്പുണ്ട് ഗോപാലേട്ടൻ.

അകത്ത് വെള്ള പുതപ്പിച്ചു കിടത്തിയ കുഞ്ഞിയുടെ ശവശരീരത്തിന്റെ തലക്കൽ കരിന്തിരി കത്തി സ്വയം ശപിക്കാൻ തുടങ്ങിയിരുന്നു നിലവിളക്ക്.

ഇന്നലെ വൈകീട്ട് തുടങ്ങിയതല്ലേ, ഇതെത്ര നേരംന്ന് വച്ചാണ്.

മുത്തുവിന്റെ മനസ്സിലപ്പടി പണ്ട് കുഞ്ഞി പറഞ്ഞ കഥകളായിരുന്നു.

ഇന്നലെ വരെ അമ്മയായ കുഞ്ഞിയുടെ വലിവ്, വണ്ടി പിടിച്ച് ആശുപത്രിയിലെത്തിക്കൽ, അവിടുത്ത് ചിലവ്, കൊടുത്തു തീർക്കേണ്ട കടം, തൊണ്ണൂറു തികഞ്ഞ പെറ്റ

മ്മയുടെ കഷ്ടപ്പാട് ഇതൊക്കെയേ അവന്റെ മനസ്സിൽ പ്രശ്നങ്ങളായി തോന്നിയിരുന്നുള്ളൂ. പക്ഷേ ഇന്നത്തെ പ്രശ്നം അതൊന്നുമല്ല. അവൻ ഇന്നലെ വരെ ചിന്തിക്കാത്തതാണ്.

ഇന്നലെ കാലത്തു മുതലേ കുഞ്ഞിക്ക് വലിവ് കൂടിയിരുന്നു. മഴ തിമിർക്കാൻ മറന്നു പോയ കർക്കിടകത്തിൽ മഴക്കാറും വെയിലും കണ്ണുപൊത്തി കളിച്ചുകൊണ്ടിരുന്നെങ്കിലും പ്രായമായവർ വന്നു നോക്കി പറഞ്ഞു.

"കർക്കടകമാസമാണ്, കാലില് നല്ലോണം നീരറങ്ങീണ്ട്. അടുത്ത്ന്ന് മാറണ്ട. ഇന്നന്നെ ചിലപ്പോ ഇണ്ടാവും."

ഉച്ചകഴിഞ്ഞപ്പോൾ കുഞ്ഞിയുടെ വലിവ് കുറഞ്ഞുവന്നു. ഒരു മഹാപ്രയത്നം കഴിഞ്ഞതുപോലെ നെഞ്ചിൻകൂട് വിശ്രമിക്കാൻ തുടങ്ങി. ദെണ്ണം ഭേദമാകുന്നു എന്നു പോലും തോന്നിപ്പോയി. അങ്ങനെയിരിക്കെ സന്ധ്യക്കു മുമ്പേ കുഞ്ഞിയുടെ ദേഹമൊന്ന് വിറച്ചു.

തൊട്ടടുത്ത വീട്ടിലെ കുട്ടിമാളു അമ്മ മുത്തുവിനോട് വെള്ളം തൊട്ടു കൊടുക്കാൻ പറഞ്ഞു.

ഈരിഴതോർത്തിന്റെ തുമ്പ് വെള്ളത്തിൽ മുക്കി മുത്തു വായിലിറ്റിച്ചു.

ഒന്നോ, രണ്ടോ തുള്ളി ഇറങ്ങിക്കാണണം. കണ്ണുകൾ പിന്നോട്ടു മലച്ചു. വായിലിറ്റിച്ച വെള്ളം കുറേശ്ശെ പുറത്തേക്കൊഴുകി.

കുഞ്ഞി മരിച്ചു.

തൊണ്ണൂറു തികഞ്ഞ് ബോധമില്ലാതെ ദീർഘനാളായി കിടപ്പിലായ കുഞ്ഞി മരിച്ചതിൽ ബന്ധുക്കൾക്ക് എന്തിന് മുത്തുവിന് പോലും ആശ്വാസമേ തോന്നിയുള്ളൂ.

ദൂരേന്ന് ആരും വരാനില്ലാത്തതിനാൽ പിറ്റേന്ന് പത്തുമണിക്ക് ശവമെടുപ്പാകാമെന്നു വെച്ചു. അങ്ങനെ തുടരവേയാണ് പ്രശ്നം ഉടലെടുത്തത്.

രാത്രി എട്ടുമണിയോടടുത്തിരിക്കണം. ഗോപാലേട്ടനാണ് മുത്തുവിനോടത് പറഞ്ഞത്.

"ഇത്രേം നേരം ഒരു പരിഹാരം ഉണ്ടാവൂന്നാ കരുത്യേ. ശാന്തിഘട്ടിലും, ദേവഭൂമീലിക്കും, ആത്മവിദ്യാലയത്തിലിക്കുമൊക്കെ വിളിച്ചു. അവിടൊക്കെ അനുവദിച്ചേക്കാളും ഒന്നും രണ്ടും കൂടുതല് ബോഡി ബുക്ക്ഡ് ആയിണ്ട്. വേറെ ഒന്ന് രണ്ട് മുനിസിപ്പാലിറ്റിക്കാരേം വിളിച്ചു. അവിടേം രക്ഷയില്ല. സ്ഥലം ഇല്ല്യാണ്ട് ഇന്നലെ മരിച്ചത് ചെലത് ഫ്രീസറില് വെച്ചേക്കാന്നും പറയ്ണ്ട്. ഇനിയിപ്പോ എന്താ ഒരു മാർഗ്ഗം."

ഗോപാലേട്ടനറിയാം ഒരു മാർഗ്ഗവുമില്ലെന്ന്.

രണ്ടു മീറ്റർ വീതിയുള്ള റോഡിനിരുപുറവും തീപ്പെട്ടിക്കൂടടുക്കിയപോലെ വീടുകളാണ്. മുറ്റമെന്ന് പറയാൻ തന്നെ ഇല്ല. മുത്തു താമസിക്കുന്ന വീട് പഞ്ചായത്ത് വകയാണ്. എഴുനൂറ് അടിയുടെ വീട്. മുഴുവൻ ഗഢുവും കിട്ടിക്കഴിഞ്ഞിട്ടില്ല. അതിന്റെ ഒരു മൂല പൊളിച്ച് അടക്കാമെന്നു വച്ചാൽ ഉദ്യോഗസ്ഥർ പ്രശ്നമാക്കിയെങ്കിലോ.

അപ്പോൾ മുതൽ മുത്തു ഇരുന്നതാണ്. അവന് അമ്മ മരിച്ച സങ്കടത്തേക്കാൾ ഇരട്ടി സങ്കടമാണ്. കാരണമുണ്ട്. കുട്ടിക്കാലം മുതലേ കുഞ്ഞി പറയാറുള്ള കഥകളവനറിയാം.

കുഞ്ഞിയുടെ അപ്പൂപ്പനും അമ്മൂമ്മയും വസൂരി പിടിച്ചാണ് മരിച്ചത്. ഒരു തുള്ളി വെള്ളംപോലും ആരും കൊടുക്കാനില്ലാതെ ഒറ്റക്ക് കിടന്ന്.

പച്ചയോലയിൽ കെട്ടിവലിച്ച് ശവങ്ങൾ എവിടെയോ കളഞ്ഞത്രെ. നേരെ ചൊവ്വേ ആരടക്കം ചെയ്യാനാണ്.

കുഞ്ഞിയുടെ ഉറക്കത്തിൽ പലപ്പോഴും ഇതുവരെ കാണാത്ത അപ്പൂപ്പനും അമ്മൂമ്മയും പച്ചയോലയിൽ പൊതിഞ്ഞുവന്ന് ചോദിച്ചു.

മോളേ കുഞ്ഞ്യേ ഇത്തിരി വെള്ളം.

ചെറുപ്പത്തിൽ ആ പേടിസ്വപ്നം കണ്ടുണർന്ന് കുഞ്ഞി കരയുമ്പോൾ കുഞ്ഞിയുടെ അച്ഛൻ കണ്ടൻകോരൻ പറയും.

"നേരെ ചൊവ്വേ അടക്കാൻ പറ്റീല്ലല്ലോ. അതാങ്ങനെ ഗതികെട്ട് സ്വപ്നത്തില് വരണെ."

കണ്ടൻ കോരന് കരിമരുന്നു പണിയായിരുന്നു.

വെടിക്കെട്ടു പുരകളുമായി ഉത്സവപറമ്പിൽ നിന്ന് ഉത്സവപറമ്പുകളിലേക്ക് യാത്രയാണെപ്പോഴും.

പൂരത്തിരക്കിന്റെ ഒരു വേനലറുതിയിൽ വടക്കൊരു ക്ഷേത്രത്തിൽ കമ്പക്കെട്ടിനെത്തിയതായിരുന്നു കണ്ടൻകോരൻ.

പൊട്ടാസും മനയോലയും കരിമരുന്നുമെല്ലാം കൂടിക്കുഴയവെ അളവിൽ കൂടിയവ ഒന്ന് പിണങ്ങി.

കറുത്ത കൈകളിൽ നിന്ന് ഒരിടിമിന്നൽ പാഞ്ഞു.

ദിഗന്തം നടുങ്ങുമാറ് നിലവിളിച്ച് കരിമ്പുക പുറത്തേക്ക് പാഞ്ഞു.

ഓടിക്കൂടിയവർക്കു മുന്നിൽ ചേരുംപടി ചേർക്കാനാകാതെ ആറു മനുഷ്യരുടെ ശരീരങ്ങൾ ചിന്നിച്ചിതറികിടന്നു.

എല്ലാം കൂട്ടിയിട്ട് കത്തിക്കുകയായിരുന്നു.

കുഞ്ഞിയുടെ ആങ്ങള സുധാകരന്റെ കൂടെയായിരുന്നു അമ്മ തേയി. തലച്ചോറു തളർത്തിയിട്ട കൈകാലുകളുമായി നേരത്തെ തന്നെ കിടന്നുപോയിരുന്നു തേയി. കടലോരത്തായിരുന്നു സുധാകരന്റെ വീട്. കൈയ്യും കാലും വയ്യാത്ത തള്ളയെ കാണാനെന്നോണം കടൽ ഒരു തണുപ്പുമാസത്തിൽ തലയുയർത്തി നോക്കി. ദൂരെ നിന്ന് വിരുന്നു വന്ന രാക്ഷസത്തിരകളോടൊപ്പം കടൽ കരയിലേക്ക് കയറി വന്നു. വഴിയിൽ കണ്ടതെല്ലാം കട പുഴക്കിയെടുത്തു തിന്നു. ഒടുവിൽ തേയിയെയും, കാലിളകിയ കട്ടിലിനെയും ഒറ്റ മുറിപ്പുരയെയും വരെ.

രണ്ട് രാവ് ഇരുട്ടുവെളുത്തപ്പോഴേക്കും കടൽ വിഴുങ്ങിയതെല്ലാം തിരിയെ കരയിലേക്കിട്ടു കടൽ വഴി മാറിപ്പോയി. തേയിയേയൊഴിച്ച്. തേയിയെയടക്കാൻ ഒരുപിടി മണ്ണല്ല ഒരു കടൽ വെള്ളമാണ് ഒരുമ്പെട്ടിറങ്ങിയത്.

കുഞ്ഞി കരഞ്ഞു.

"ന്റെ കുടുംബത്തിലുള്ളോരെ നേരെ ചൊവ്വേ മണ്ണിലടക്കാൻ പറ്റാണ്ടായോ ദേവ്യേ."

ഒടുവിൽ മുത്തുവിന്റെ അച്ഛനും തന്റെ കെട്ടിയവനുമായ വേലു മരിച്ചപ്പോഴാണ് കാലത്തിന്റെ മഹാശാപം കുഞ്ഞിക്ക് വെളിപ്പെട്ടത്.

ദേശീയപാതയ്ക്കായുള്ള തുരങ്കത്തിൽ പണിയെടുക്കുകയായിരുന്നു വേലു.

നെഞ്ച് തുരന്നപ്പോൾ കാടിറിപ്പോയ വൻമല ഇടക്കിടെ വിറച്ചും, പൊടിപറത്തിയും കല്ലിടിച്ചും മുന്നറിയിപ്പ് തന്നുകൊണ്ടിരുന്നു. തുരങ്ക

നിർമ്മാണത്തിന്റെ വിദഗ്ദ്ധർ പല തരം മണ്ണ് പരിശോധിച്ച് ഇവിടെ ഇങ്ങിനെ, അവിടെ അങ്ങിനെ എന്നെല്ലാം വാക്കിടോക്കിയിലൂടെ പറഞ്ഞ് തുരങ്കത്തിന് പുറത്ത് പ്രത്യേകം തയ്യാറാക്കിയ ടെന്റിലിരുന്ന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടിരുന്നു. ഒടുവിൽ തകരാനൊരു ഹൃദയം ബാക്കിയില്ലാതായ വൻമല താഴേക്ക് വീണു. വേലുവുൾപ്പെടെ പന്ത്രണ്ടു പേരുണ്ടായിരുന്നു തുരങ്കത്തിനകത്ത്.

ആറടി മണ്ണിന്റെ കണക്ക് വേണ്ടായിരുന്നു വേലുവിന്.

പേറാൻ ഒരു മല മുഴുവനോടെ ഉണ്ടായിരുന്നല്ലോ.

കുഞ്ഞി നെഞ്ച് പൊട്ടിക്കരഞ്ഞു. “ഇതേതു ശാപാണെന്റെ ദൈവങ്ങളെ ഇങ്ങനെ ഒരു കുടുംബത്തിനെ ഇട്ട് നീറ്റാൻ?”



അമ്മയുടെ വാക്കുകളെല്ലാം മുത്തുവിന്റെ നെഞ്ചകത്ത് മുഴങ്ങുകയാണ്.

ഇവിടെ ആർക്കും വസൂരി പിടിച്ചിട്ടില്ല. ആരും ശരീരമല്ലാതെ പൊട്ടിത്തെറിച്ചിട്ടില്ല. ആരെയും കടലെടുത്തിട്ടില്ല. ആരും തുരങ്കത്തിൽ പെട്ടിട്ടില്ല.

കുഞ്ഞിയുടെ ശരീരം ഇവിടെത്തന്നെയുണ്ട്. വെള്ള പുതപ്പിച്ച്. തലക്കൽ വിളറിയ രണ്ട്തേങ്ങാമുറിയും. കത്തിക്കത്തി മടുത്ത നിലവിളക്കുമുണ്ട്. പക്ഷേ അടക്കം ചെയ്യാൻ ഒരിറ്റു സ്ഥലം. അതു മാത്രമില്ല, ഇതുവരെ കിട്ടിയിട്ടില്ല.

“ഇവിടൊരു ശ്മശാനം ഉണ്ട്. പക്ഷേ അവരടെ സമുദായക്കാരെ മാത്രേ പറ്റൂ. അല്ലാത്തൊരാളെ ഒരു കാരണവശാലും പറ്റില്ലാന്നാ പറയണേ.”

ഗോപാലേട്ടൻ കണ്ണനോട് പറഞ്ഞു.

“ഒന്നും പറ്റീല്ലെ നമ്മടെ ചന്തക്കുന്നത്തെ സർക്കാർ ഗ്രൗണ്ടിന്റെ മൂലേല് വച്ച് ദഹിപ്പിച്ചാലോ?” കണ്ണൻ ചോദിച്ചു.

“നീയെന്താ കണ്ണാ പറയണെ. ഇത് പട്ട്യോ, പൂച്ചോ വല്ലതുമാണോ. നാട്ടുകാര് സമ്മതിക്ക്വോ. ഒരു ശവം വച്ചാ പിന്നേം കൊണ്ടരുന്ന് ഒരു കൂട്ടര്.”

ഈ നിലക്ക് വല്ല പട്ടിയോ പൂച്ചയോ ആവുകയായിരുന്നു ഭേദം എന്ന് കണ്ണന് തോന്നി.

ഒരിത്തിരി സ്ഥലം തനിക്കുണ്ടായിരുന്നെങ്കിൽ അവനത് ശവം ദഹിപ്പിക്കാൻ വിട്ടുകൊടുത്തേനെ. അത്രയ്ക്ക് സങ്കടം കണ്ണനുമുണ്ടായിരുന്നു.

“പണ്ടൊക്കെയാണെങ്കിൽ കുറച്ച് സ്ഥലോള്ളോര് അവരടെ സ്ഥലം ഒന്ന് ദഹിപ്പിക്കാനെങ്കിലും വിട്ടുകൊടുത്തേനെ. ഇന്നാർക്കാ മനസ്സുള്ളത്.”

ഗോപാലേട്ടൻ നിരാശയോടെ പറഞ്ഞു.

“ജീവനുള്ളവർക്കേ മരിച്ചവർ ഒരു പ്രശ്നമാകാറുള്ളൂ. മരിച്ച മനസ്സുള്ളവർക്കോ.” കണ്ണന് അങ്ങനെയാണ് തോന്നിയത്.

കർമ്മി വന്നു. “എന്താപ്പോ ചെയ്യാ.?”

ആരോ ചോദിക്കുന്നു.

‘ഭാരതപ്പുഴേടെ തീരത്ത് ഒരെടണ്ട്. അതേ മാർഗ്ഗുള്ളൂ.’

‘എം.എൽ.എയുടെ എഴുത്ത് വേണം. അത് കൊണ്ടരാൻ കുട്ടൻ പോയിണ്ട്. പറ്റീങ്കി എം.എൽ.എയെക്കൊണ്ടൊന്ന് വിളിപ്പിക്കണം.’

‘കുട്ടനെ കണ്ടില്ലല്ലോ ഇതുവരെ.’


ദാ, വരണൂ. കുട്ടന്റെ ബൈക്ക് പഞ്ചായത്ത് വഴിയിൽ ഇരമ്പി നിന്നു.

സംഗതി നടക്കും. കൈയ്യിലെ കവർ ഉയർത്തിപ്പിടിച്ച് കുട്ടൻ തിടുക്കത്തിൽ അകത്തേക്ക് വന്നു.

നെഞ്ചിൽ നിന്ന് ഒരു ഭാരമിറങ്ങിപ്പോയതുപോലെ മുത്തു ഇരുന്നു.

കുളിപ്പിച്ചു കിടത്തിയ ദേഹത്തിനരുകിൽ അഞ്ചോ പത്തോ മിനുട്ട് മാത്രമേ കർമ്മങ്ങൾ നീണ്ടുനിന്നുള്ളൂ.

വീതി കുറഞ്ഞ വഴിയിലൂടെ തിങ്ങിഞെരുങ്ങി ആംബുലൻസ്



വന്നു നിന്നു.

മൃതശരീരം എടുത്തു കയറ്റുമ്പോൾ കൂടെ കയറാനൊരുങ്ങിയ ചിലരെ ഗോപാലേട്ടൻ പറഞ്ഞു മുടക്കി.

"തിരിച്ചു വരുമ്പോ ആംബുലൻസ് ഉണ്ടാവില്ല. ഏതെങ്കിലും ചെറുവണ്ടീല് കേറാനുള്ള ആള് മതി.'

കണ്ണനും മുത്തുവും പിന്നെ ഗോപാലേട്ടനും അത്ര പേരെ ഉണ്ടായിരുന്നുള്ളൂ വണ്ടിയിൽ.

പുറപ്പെടുമ്പോൾ പിണങ്ങി നിന്ന കർക്കിടകം തേങ്ങിക്കരയാൻ തുടങ്ങി.

കുറെ പോയിക്കാണണം. സ്ഥലമടുക്കാറായെന്ന് ആംബുലൻസ് ഡ്രൈവർ ഓർമ്മിപ്പിച്ചതിന് തൊട്ട് ശേഷമാണ് ഒരാൾക്കൂട്ടം വണ്ടി തടുത്തത്.

ഇദ്ദെന്തൊ പുതിയ പുറപ്പാട്.

എല്ലാവരും വണ്ടിക്ക് പുറത്തേക്കിറങ്ങി.

"കൊണ്ടോവാൻ പറ്റില്ല. ഞങ്ങക്ക് ഇവിടെ ജീവിക്കണ്ടെ. പതനഞ്ചെണ്ണത്തിനാ അനുമതി. ഇന്നിപ്പോ ഇരുപത്തഞ്ചു കഴിഞ്ഞു. നേതാവെന്നു തോന്നിച്ച കട്ടിക്കണ്ണട വെച്ചയാൾ പറഞ്ഞു.'

"കുറെ ദൂരേന്നാ." ഗോപാലേട്ടൻ താഴ്ന്നു.

"അതന്ന്യാ കാര്യം. എല്ലാ ദൂരത്തൊള്ളോർക്കും ഇവിട്യന്നാ സ്ഥലള്ളോ"

ഒരു ശവവണ്ടി ഇങ്ങനെ തടുക്കാന്ന് വെച്ചാ.

"എപ്പഴായാലും ഞങ്ങൾക്ക് തടുക്കാൻ ശവല്ലേ ഉള്ളൂ"

"എന്ത് പറഞ്ഞാലും കാര്യല്ല. തിരിച്ച് പൊക്കോ. ഇപ്പത്തന്നെ മൂന്ന് വണ്ടി തിരിച്ച് വിട്ടു. ഇക്കാര്യത്തില് ചാവാനും തയ്യാറായിട്ടാ ഞങ്ങള് നിക്കണെ."

പ്രതീക്ഷകളൊക്കെ തകരുകയാണല്ലോ. നില തെറ്റിയ പോലെ മുത്തു കണ്ണനെ നോക്കി.

അവൻ വണ്ടിയിൽ ചാരി നിൽക്കുകയാണ്.

"ഇന്നലെ വൈകീട്ട് മരിച്ചതല്ലേ ഫ്രീസറില് വെക്കണെ നേരായിണ്ട്."

ആംബുലൻസ് ഡ്രൈവർ ആരോടെന്നില്ലാതെ പറഞ്ഞു.

"വിഷമിച്ച് നിക്കാണ്ട് വീണ്ടീല് കേറ്. വഴീണ്ടാക്കാം."

ഗോപാലേട്ടന്റെ വാക്കുകൾക്ക് എന്തോ തീരുമാനിച്ചുറച്ചതിന്റെ ശക്തി.

വണ്ടിയിലിരിക്കുമ്പോൾ ഗോപാലേട്ടൻ പറഞ്ഞു.

"ആംബുലൻസ് ഡ്രൈവറ് എനിക്ക് മുൻപരിചയള്ളോനാ."

എന്തിനെന്ന മട്ടിൽ കണ്ണൻ ഗോപാലേട്ടനെ നോക്കി.

മുൻപേ തിരിച്ചോടിയ ആംബുലൻസ് വഴിയിരികിൽ അൽപം കാത്തുകിടന്നു.

എന്തു വഴി കണ്ടെന്നാണ്. അന്തിച്ചിരിക്കുമ്പോൾ പുഴയോരത്തേക്കുള്ള മൺതിട്ടയിലൂടെ ആംബുലൻസ് നിരങ്ങിയിറങ്ങി.

ഗോപാലേട്ടൻ പറഞ്ഞു. "ഇവിടെ താമസക്കാര് തീരെ ഇല്ല്യ."

പുഴയോരത്ത് വണ്ടി നിറുത്തിയപ്പോൾ പുറകിലെ ഡോർ തുറന്ന് ഗോപാലേട്ടൻ ഒരു ചാക്ക് കെട്ട് പുറത്തെടുത്തു.

എല്ലാവരും ആകാംക്ഷയോടെ നോക്കി.

ചാക്കിൽ നിന്ന് ഒരു തൂമ്പ, കോരി, പിക്കാസ് എന്നിവ പുറത്ത് ചാടി.

ഇത് ഞാൻ മനസ്സീകണ്ടാരുന്നു. ഗോപാലേട്ടൻ ആരോടെന്നില്ലാതെ പറഞ്ഞു.

അര മണിക്കൂറെ വേണ്ടിവന്നുള്ളൂ. കുഴി റെഡിയായി. പുഴയോരത്തെ മണ്ണ് എളുപ്പം വഴങ്ങി.

ശവം വെച്ച് മണ്ണ് മൂടിക്കഴിഞ്ഞപ്പോൾ ആരോ പറഞ്ഞു.

"ഒന്ന് മുങ്ങിക്കുളിച്ചോ."

പുഴയോരത്തെ കാട്ടുപൊന്തകളിലിരുന്ന് പച്ചത്തവളകൾ ഉറക്കെ കരഞ്ഞു.

മുങ്ങിനിവർന്നപ്പോൾ മുത്തു മേലേക്ക് നോക്കി. ആകാശത്ത് ഒരു ഇത്തിരിക്കോളം ചന്ദ്രക്കല പിച്ച വെക്കുന്നു.

അവനറിയാതൊരു തേങ്ങൽ പിടിവിട്ടുണർന്നു.

"എന്തിനാ വിഷമിക്കണെ. മരിച്ചോർക്കെന്തായാലും മണ്ണേതെന്ന് നോട്ടണ്ടാവില്ല. കുഞ്ഞിക്ക് ഒരു വെഷമോണ്ടാവില്ല."

ഗോപാലേട്ടൻ അവന്റെ തോളിൽ തട്ടി.

മുത്തു ആകാശത്തേക്ക് നോക്കി. കർക്കടകം ഒളിച്ചുപോയ ആകാശത്ത് ഏതാനും നക്ഷത്രങ്ങൾ. പുഴയോരത്ത് നിറയെ മിന്നാമിനുങ്ങുകളും.

നോക്കിനിൽക്കെ ഒരു ചോദ്യം അവന്റെ തൊണ്ടയിൽ തടഞ്ഞു.

"ഗതിയില്ലാത്തോര് മരിച്ചാ നക്ഷത്രമാകുമോ, അതോ മിന്നാമിനുങ്ങോ.'

ഗോപാലേട്ടനും കണ്ണനും വണ്ടിക്കടുത്തെത്താറായിട്ടുണ്ട്. മുത്തു ആഞ്ഞു നടന്നു. ■